# COCHIN LEGISLATIVE COUNCIL PROCEEDINGS

## OFFICIAL REPORT OF THE LEGISLATIVE SESSION, 1123

**Tuesday,** *the* *14th October 1947.*
*28th Kanni 1123.*

The Council met in the Council Hall at half-past Eleven of the clock with the Hon'ble President (M.R.Ry. L. M. Pylee Avl., M.A.&B.L.,) in the Chair.

Mrs. T. Francis, Rao Bahadur T. S. Narayana Ayyar and Messrs. Jos. K. Verghese, K. A. Raghavan, Paramel Ipe Ipe, K. R. Ramakrishnan, Puthur Achutha Menon and P. E. Warne were absent.

## I. QUESTIONS AND ANSWERS

### DECISION OF GOVERNMENT IN CASE OF AIDED AND UNAIDED SCHOOLS

**11. Mr. P. KumaranEzhuthassan** *(Vadakkancheri)*: Will Government be pleased to state.—

(*a*) has the decision of the Government to aided schools and classes unaided inclusive of 1122 been implemented;

(*b*) if the answer to (*a*) is in the negative, what is the delay due to?

**Mr. P. Govinda Menon** (*Prime Minister*):

(*a*) No.

(*b*) It is due to the delay in getting the list of classes and schools ready.

**Mr. P. Kumaran Ezhuthassan** *(Vadakkancheri)*: Is it due, Sir, to the delay in getting the list of classes and schools ready? Is it in the sense that the money has not been actually disbursed? Where is the delay? Is it in the school concerned or with the Government?

**Mr. P. Govinda Menon** *(Prime Minister)*: It is not in the Government, because as soon as the amount was allotted in the Budget, information is given to the Director's Office and I had occasion to look into the matter recently and the Director has called for information from the various schools and from the inspecting officers.

**Mr. P. Kumaran Ezhuthassan** *(Vadakkancheri)*: During the course of these two months, the schools which are anxious to get the aid very recently granted after working free for five or six years, am I to understand, Sir, that these reports have not been sent up by the schools concerned?

**Mr. P. Govinda Menon** *(Prime Minister)*: They have not been sent up.

**Mr. M. K. Raja** *(Mulakunnathukavu)*: May I know, Sir, whether this refers to all schools or to any particular category of schools?

**Mr. P. Govinda Menon** *(Prime Minister)*: This refers to all recognised primary schools which have not yet received aid.

**Mr. M. K. Raja** *(Mulakunnathukavu)*: May I know, Sir, whether Government have given aid to unaided secondary schools also?

**Mr. P. Govinda Menon** *(Prime Minister)*: The matter has not been finally decided.

മിസ്റ്റർ എ. ഇച്ചരമേനോൻ: ഈ വിവരങ്ങൾ ആവശ്യപ്പെട്ടതു് ഇൻസ്പെക്ടർ മുഖാന്തിരമാണോ?

മിസ്റ്റർ പി, ഗോവിന്ദമേനോൻ: ഇൻസ്പെക്ടർ മുഖാന്തിരമായിട്ടാണ പ്രൈമറി സ്കൂളുകളായി എഴുത്തുകുത്തു നടത്താറുള്ളതു"?

**Mr. P. Kumaran Ezhuthassan** *(Vadakkancheri)*: May I know, Sir, whether the observation made by the Premier that the question refers to all recognised primary schools



LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Kumaran Ezhuthassan]

pending grant of aid, is it an inference from that question ? I have not mentioned primary schools.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഞാൻ അങ്ങിനെ ധരിച്ചാണ മറുപടി പറഞ്ഞതു്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: എത്ര ലോവർ സെക്കൻററി സ്കൂളുകൾക്കും അപ്പർ സെക്കൻറ റി സ്കൂളുകൾക്കും ഗ്രാൻറ കൊടുത്തിട്ടുണ്ടു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നോട്ടീസ്സു വേണം.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: എതെങ്കിലും അപ്പർ സെക്കൻററി സ്കൂളുകൾ എയിഡിനു അപേക്ഷിച്ചിട്ടും കിട്ടിയില്ലായെന്ന വല്ല ആക്ഷേപവും കിട്ടിയിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കിട്ടിയിട്ടില്ല.

**Mr. P. Kumaran Ezhuthassan** (*Vadakkancheri*) : May I know Sir, from which date the grants will be paid.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഫ ഫ ഫ ചിങ്ങം ഫാംസ മുതൽ.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ആക്ഷേപങ്ങൾ ഇതുവരെ കിട്ടിയിട്ടില്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അപേക്ഷകൾ കിട്ടിയിട്ടുണ്ടു്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: അതിനുശേഷമെന്താണ ചെയ്തതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതിനെപ്പററി ആലോചിച്ചിട്ട വേണം തീരുമാനപ്പെടുത്താൻ.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: റെക്കഗ്നിഷൻ കൊടുക്കുമ്പോൾ എയിഡു കൊടുക്കണമെന്ന പറഞ്ഞിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സെക്കൻററി സ്കൂളുകൾ, എയിഡു വേണ്ടാ എന്ന കരാറിന്മേലാണ റെക്കഗ്നിഷൻ വാങ്ങിട്ടുള്ളതു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: എയിഡു വേണ്ടാ എന്ന കരാറോടുകൂടി അപേക്ഷിച്ചാൽ, ഒരുതരത്തിലും ഗ്രാൻറ കിട്ടുമെന്ന വിചാരിക്കാൻ പാടില്ലായെന്നുള്ള നിലയ്ക്കല്ലേ റെക്കഗ്നിഷൻ കൊടുക്കുന്നതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെയല്ല. റെക്കഗ്നിഷൻ വേണമെന്ന അപേക്ഷിക്കുന്ന ഹജ്ജിയിൽ ഈ വ്യവസ്ഥകൂടി കാണിച്ചിട്ടുണ്ടാകും.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: അങ്ങിനെയുള്ള സ്കൂളുകൾക്ക ഗ്രാൻറ കൊടുക്കാൻ പാടില്ലെന്ന നിശ്ചയിച്ചിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കൊടുത്തുകൊള്ളണമെന്നില്ല.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: റെക്കഗ്നിഷൻ കൊടുത്തിട്ടും ഗ്രാൻറ കൊടുക്കാതിരിക്കുവാൻ വല്ല പ്രത്യേക കാരണവുമുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പ്രത്യേകതയില്ല. ഓരോ സ്കൂളിൻറേയും പരിതസ്ഥിതിയനുസരിച്ചാണ് എയിഡു കൊടുക്കാവുള്ളതു്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: അടുത്ത ഭാവിയിൽ കൊടുക്കാൻ വിചാരിക്കുന്നില്ലെന്നാണോ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ മറുപടിയിൽനിന്നും വിചാരിക്കേണ്ടതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അല്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: സെക്കൻറ റി ക്ലാസുകളിലെ വിദ്യാർത്ഥികളിൽനിന്നും കിട്ടുന്ന ഫീസുകൊണ്ടാണോ, അതായ ക്ലാസിലെ അദ്ധ്യാപകന്മാർക്ക ശമ്പളം കൊടുക്കുന്നതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ചില സ്കൂളുകളിലൊക്കെ അങ്ങിനെയാണ്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: അഞ്ചും, ആറും ക്ലാസുകളിൽനിന്നു പിരിയുന്ന ഫീസു മാത്രമല്ലേ ആ ക്ലാസിലെ അദ്ധ്യാപകന്മാർക്ക കൊടുക്കുന്നതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെ ആയിരിക്കുകയില്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: ഈ ക്ലാസുകളിൽ ഫീസ്സിളവു ചെയ്തുകൊടുത്തിട്ടുള്ള വരുമില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഉണ്ട്. ഡിപ്രസ്സ്ഡ് ക്ലാസ്സിൽപ്പെട്ട കുട്ടികൾക്ക കൺസെഷൻ ഉണ്ടാകും, പെൺകുട്ടികൾക്കും കൺസെഷൻ ഉണ്ടാകും.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: ഇതിൽ മാനേജ്മെൻറിനു വരുന്ന നഷ്ടം ഗവൺമെണ്ടു കൊടുത്തുകൊള്ളാമെന്നു നിശ്ചയമില്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പെൺകുട്ടികളുടെ കാര്യത്തിൽ അങ്ങിനെ നിശ്ചയമില്ല.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: പെൺകുട്ടികൾക്കു മുഴുവൻ ഫീസു കൊടുക്കണമെന്നു വെച്ചിട്ടുള്ളതു കോളേജുക്ലാസുകളിൽ മാത്രമാണോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അല്ല. എല്ലാ ക്ലാസുകളിലും കൊടുക്കണം.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: റെക്കമ്മെൻഡേഷൻ കൊടുക്കുമ്പോൾ, ധനസഹായം ചെയ്യാൻ സാധിക്കുകയില്ലെന്നു പറയുന്നതു് എന്തുകൊണ്ടാണ്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ധനസഹായം ചെയ്യാൻ സാധിക്കുകയില്ലെന്നു പറഞ്ഞിട്ടില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: പെൺകുട്ടികൾക്കു മുഴുവൻ ഫീസ്സു കൊടുക്കണമെന്നു നിബ്ബന്ധിക്കുന്നതു് സ്ത്രീവിദ്യാഭ്യാസം സാർവ്വത്രികമായി എന്ന കാരണംകൊണ്ടാണോ?

**Mr. President:** That question does not arise here.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ധനസഹായം ചെയ്യാതിരുന്നാൽ വളരെ സ്കൂളുകൾ അധ്യാപനം നിർത്തിവെക്കുമെന്നു ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഈവക കാര്യങ്ങൾ ആലോചനയിൽ ഇരിക്കുകയാണു്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഈ ആലോചന എന്നു പൂർത്തിയാകുമെന്നു പറയാൻ സാധിക്കുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: എന്നാണു ആലോചന അവസാനിക്കുകയെന്നു പറയാൻ സാദ്ധ്യമല്ല.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഇങ്ങനെയുള്ള പരിതഃസ്ഥിതിയേയുംകൂടി കണക്കാക്കീട്ടാണോ, മാസ്റ്റർമാരുടെ ശമ്പളം കൂട്ടിക്കൊടുക്കുന്നതിനു നിബ്ബന്ധിതമായതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അല്ല. എല്ലാവക്കും ശമ്പളം കൂട്ടിയ കൂട്ടത്തിൽ മാസ്റ്റർമാക്കും കൂട്ടിക്കൊടുത്തു എന്നേയുള്ളൂ.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഇന്നു കിട്ടുന്ന ശമ്പളംകൊണ്ടു മാസ്റ്റർമാക്കു ജീവിക്കാൻ സാദ്ധ്യമല്ലെന്നു ഗവൺമെണ്ടു മനസ്സിലാക്കീട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ ഇല്ല.

മിസ്റ്റർ സി. എസ്. പണിക്കർ: സ്കൂളിൻെറ പരിതഃസ്ഥിതിയനുസരിച്ചാണോ മാസ്റ്റർമാരുടെ ശമ്പളം നിശ്ചയിച്ചിട്ടുള്ളതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അല്ല.

മിസ്റ്റർ എം. ഐ. പോൾ: റിവൈസ്സുചെയ്ത ശമ്പളം ഇതുവരേയും കൊടുക്കാത്തതു എന്തുകൊണ്ടാണു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കഴിയുന്നതും വേഗത്തിൽ പണം ഡിസ്പോസ്സുചെയ്യാൻ ഓർഡർ കൊടുത്തിട്ടുണ്ടു്. ലിസ്റ്റു കിട്ടിയാലുടനെ പണം ഡിസ്പോസ്സുചെയ്യുന്നതാണു്. അതിനു ഡിലേ വരുത്തുന്നതല്ല.

മിസ്റ്റർ എം. കെ. രാജ: രാജ്യത്തിലെ എല്ലാ സ്കൂളുകൾക്കും, ധനസഹായം നൽകുകയെന്നുള്ളതാണോ ഗവൺമെണ്ടിൻെറ നയം?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അല്ല.

## COMMUNAL JUSTICE IN ENTRUSTING RETAIL SHOPS TO PRIVATE INDIVIDUALS

12. മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റാഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമോ.—



LIBRARY ARCHIVES Kerala Legislative Assembly